പ്രതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4766** **27.10.2016-ൽ മറുപടിയ്ക്ക്**

**റോഡു നിർമ്മാണത്തിൽ റബ്ബർ ഉപയോഗിക്കുവാൻ നടപടി**

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ.പി.സി. ജോർജ് :** | **ശ്രീ.ജി.സുധാകരൻ**<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| പ്രതിസന്ധിയിലായ റബ്ബർ കർഷകർക്ക് ആശ്വാസം പകരുവാനും റബ്ബർവില പിടിച്ച് നിർത്തുന്നതിനും, റോഡ് പണികൾക്ക വേണ്ടി ഹോട്ട്ബിറ്റുമിനസ് മിക്സ്ചറുകളിൽ റബ്ബറിന്റെ ഉപയോഗത്തെ സംബന്ധിച്ച ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ ശുപാർശകൾക്ക നുസൃതമായി, സംസ്ഥാനത്തെ മുഴുവൻ റോഡുകളുടെയും സർഫസിങ്ങിനും റീസർഫസിങ്ങിനും റബ്ബർ ഉപയോഗിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | പ്രതിസന്ധിയിലായ റബ്ബർ കർഷകർക്ക് ആശ്വാസം നൽകുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകളിൽ റബ്ബർ മിശ്രിതമായുള്ള NRMB (Natural Rubber Modified Bitumen) ഉപയോഗിച്ച് റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ബി.പി.സി.എൽ (ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്) ഉൽപ്പാദിപ്പിക്കുന്ന പരമാവധി എൻ.ആർ.എം.ബി. പൊതുമരാമത്ത് റോഡുകൾക്കായി ഉപയോഗിക്കുന്നതിന് തീരുമാനമായിട്ടുണ്ട്.<br><br>ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ നിബന്ധനകൾക്കും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ച് നിലവിൽ ദേശീയപാതാ വിഭാഗത്തിൻ കീഴിൽ വരുന്ന റോഡുകളുടെ ബിറ്റുമിനസ് കോൺക്രീറ്റ് ഉപയോഗിച്ചുള്ള സർഫസിങ്ങിനും റീ സർഫസിങ്ങിനും റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ (എൻ.ആർ.എം.ബി.) ആണ് ഉപയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ